I/151488/2023

ഫയൽ നം :............ തിയതി : 26-09-2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ :

ട്രാൻസ്പോർട്ട് കമ്മിഷണർ

സ്വീകർത്താവ്:

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ.

സർ,

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് - സെൻട്രലൈസ്ഡ് പ്രിന്റിങ് - മാർഗനിർദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

**സൂചന :-** ഈ കാര്യാലയത്തിൽ നിന്നും 19-09-2023 തീയതിയിൽ ഇത് സംബന്ധിച്ച നൽകിയിട്ടുള്ള നിർദേശങ്ങൾ.

മേൽ സൂചന പ്രകാരം ഈ കാര്യാലയത്തിൽ നിന്നും സെൻട്രലൈസ്ഡ് പ്രിന്റിങ് തുടങ്ങുന്നതിനോട് അനുബന്ധിച്ച നിലവിൽ ഓഫീസുകളിൽ തീർപ്പാക്കുവാൻ ഉള്ള അപേക്ഷകൾ **30.09.2023** ന മുൻപായി തീർപ്പാക്കി പ്രിന്റ് എടുക്കേണ്ടത് എന്നും HSRP അപ്ഡേറ്റ് ചെയ്യുവാൻ ഉള്ളവയിൽ നടപടി സ്വീകരിച്ച പൂർത്തിയാക്കുവാനും നിർദേശം നൽകിയിട്ടുണ്ട്. **28.09.2023** .മുതൽ വാഹനിൽ സമർപ്പിക്കപ്പെടുന്ന രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ലഭ്യമാകുന്ന ഹൈപ്പോതിക്കേഷൻ ടെർമിനേഷൻ ഒഴികെയുള്ള മറ്റെല്ലാ സേവനങ്ങൾക്കും കാർഡ് ഫോം ഫീ 200/- രൂപ നിലവിൽ വരുന്നതാണ്. ഒരേ അപേക്ഷയിലെ തന്നെ ഒന്നിൽകൂടുതൽ സേവനങ്ങൾക്കു കാർഡ് ഫോം ഫീ. 200/- രൂപ തന്നെ മതിയാകുന്നതാണ്. **04.10.2023** തീയതി മുതൽ കാർഡ് ഫോം സെൻട്രലൈസ്ഡ് ആർ.സി പ്രിന്റ് സംസ്ഥാനത്തു ആരംഭിക്കുകയാണ് .

**സെൻട്രലൈസ്ഡ് ആർ സി പ്രിന്റ് മായി ബന്ധപെട്ട് ഓഫീസിൽ സ്വീകരിക്കേണ്ട മാർഗനിർദേശങ്ങൾ ചുവടെ പറയുന്നു .**

1. 28.09.2023 മുതൽ കാർഡ് ഫോം ഫീ നിലവിൽ വരുന്നത് മുതൽ സമർപ്പിക്കുന്ന രേജിസ്ട്രേറൻ സർട്ടിഫിക്കറ്റ് പ്രിന്റ് ലഭിക്കുന്ന അപേക്ഷകൾക്ക് സെൻട്രലൈസ്ഡ് പ്രിന്റ് കാർഡ് ആർ സി ലഭിക്കുന്നതാണ് .
2. കാർഡ് ഫീ ഒടുക്കിയിട്ടില്ലാത്ത **27.09.2023** വരെ സമർപ്പിക്കപ്പെട്ട അപേക്ഷകൾ 03.10.2023 വരെ ഓഫീസിൽ സ്വീകരിക്കാവുന്നതും ആയതു അടിയന്തിര മുൻഗണയോടെ **03.10.2023, 5.15 pm** നുള്ളിൽ പ്രിന്റ് എടുത്തു തീർപ്പാക്കിയിരിക്കേണ്ടതാണ്.
3. കാർഡ് ഫീ നിലവിൽ വരുന്നതിനു മുൻപ് ഓഫീസിൽ സമർപ്പിക്കപെട്ടിരിക്കുന്ന എല്ലാ അപേക്ഷകളിന് മേലും നടപടി സ്വീകരിച്ചിരിക്കേണ്ടതാണ് . ഏതെങ്കിലും ന്യൂനതകൾ മൂലം തീർപ്പാക്കാൻ സാധിക്കാത്തവ ഉണ്ടെങ്കിൽ ആ വിവരം അപേക്ഷകനെ കൃത്യമായി അറിയിച്ചിരിക്കേണ്ടതും ആയതു പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
4. വാഹനിലെ സാങ്കേതിക തടസം മൂലം അപേക്ഷകൾ തീർപ്പാക്കാൻ കഴിയാതെ പെന്റിങ് ഉണ്ടെങ്കിൽ ആയതു CMS മോഡ്യൂളിൽ **27 .09 .2023** ന മുൻപ് ഫയൽ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ

രുത്തേണ്ടതും റിസോൾവ്ഡ് എന്ന സ്റ്റാറ്റസ് ഉള്ളവ പരിശോദിച്ച തീർപ്പാക്കേണ്ടതും പരിഹരിക്കുവാൻ പെന്റിങ് ഉള്ളവയുടെ വിവരങ്ങൾ കംപ്ലൈന്റ് നമ്പർ സഹിതം 29 .09 .2023 ന മുൻപായി ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്

5. **01.04.2019** ന മുൻപ് രെജിസ്റ്റർ ചെയ്യപ്പെട്ട വാഹനിലേക്ക പോർട്ട് ചെയ്യപ്പെട്ട വാഹനങ്ങളുടെ അപേക്ഷ **ഇൻവെർഡ്സ് /വെരിഫൈ/ അപ്പ്രൂവ്** ചെയ്യുന്ന വേളയിൽ മറ്റു **ഡോക്യൂമെന്റസ് വാലിഡിറ്റി/ ഡീറ്റെയിൽസ്** ഉറപ്പു വരുത്തുന്നതിനോടൊപ്പം **കറന്റ് അഡ്രസ്,മേക്കർ മോഡൽ** എന്നിവ കൃത്യമാണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. വെരിഫൈ ലെവെലിലേക്കു ഫയൽ മൂവ് ചെയ്യുന്നതിനോടൊപ്പം ആയതിൽ ന്യൂനതകൾ ഉണ്ടെങ്കിൽ മോഡിഫൈ ആക്ഷൻ വഴി കറക്റ്റ് ചെയ്തു വെരിഫൈ ലെവെലിലേക്കു എൻട്രി മൂവ് ചെയ്യേണ്ടതാണ് . കൂടാതെ വെരിഫൈ / അപ്പ്രൂവൽ ലെവലുകളിൽ ഇവയുടെ പോപ്പ് അപ്പ് മെസ്സേജ് വരുന്നതുമാണ് . വെരിഫൈ ഓഫീസർ വെരിഫൈ ലെവെലിലേക്കു ലഭിക്കുന്ന അപേക്ഷയിൽ ന്യൂനതകൾ ഉള്ളപക്ഷം ആയതു കൂടി മോഡിഫൈ വഴി എൻട്രി എൻട്രി വരുത്തിച്ചിട്ടു മാത്രമേ അപ്പ്രൂവൽ ലെവെലിലേക്കു ഫയൽ മൂവ് ചെയ്യാവു .ആർ.സി റീ-പ്രിന്റ് സംവിധാനം നിലവിൽ ഇല്ലാത്തതിനാലും, ഫീ ബാധകമായതിനാലും ഡെസ്പാച്ച് സംവിധാനത്തെ ബാധിക്കുന്നതിനാലും അപൂർണമായ വിവരങ്ങൾ വച്ച് അപ്പ്രൂവ് ആകുന്നില്ല എന്ന് അപ്പ്രൂവ് അതോറിറ്റിയും ഉറപ്പു വരുത്തേണ്ടതാണ് .
6. ആർ.സി ക്യാൻസൽ അപേക്ഷയോടൊപ്പം ആർ.സി പ്രിന്റ് ലഭ്യമാകുന്ന സേവനങ്ങൾ ഉണ്ടെങ്കിൽ കാർഡ് ആർ സി പ്രിന്റ് തിരികെ ഓഫീസിൽ ഹാജരാക്കുന്ന മുറക്ക് ആർ.സി ക്യാൻസൽ പൂർത്തിയാക്കേണ്ടതാണ് .

7. 04.10.2023 ന ശേഷം കാർഡ് ഫീ അടക്കാത്ത അപേക്ഷകളുടെ ആർ സി പ്രിന്റ് ലഭിക്കണമെങ്കിൽ BALANCE- FEE –T A X –OTHERS COLLECTION എന്ന ആക്ഷൻ വഴി **അപേക്ഷാ നമ്പർ നൽകി** Description എന്നതിൽ പ്ലാസ്റ്റിക് കാർഡ് ഫീ സെലക്ട് ചെയ്തു Rs.200 Online Credential വഴി ഓൺലൈൻ ആയി ഒടുക്കേണ്ടി വരുന്നതാണ്.

**മേൽ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നു എന്ന ഓഫീസ് മേധാവികൾ ഉറപ്പു വരുത്തേണ്ടതാകുന്നു .**

Signed by
S Sreejith I P S
Date: 26-09-2023 12:30:51

വിശ്വസ്തതയോടെ,

S SREEJITH I P S
TRANSPORT COMMISSIONER

മോട്ടോർ വാഹന വകുപ്പ്, കേരളം